6. കുട്ടനാടൻ തണ്ണീർതടത്തിലെയും ഓണാട്ടുകര തുറവൂർ, പട്ടണക്കാട് എന്നീ പ്രദേശങ്ങളിലെയും പുഴകൾ, കനാലുകൾ, ഓടകൾ, കുളങ്ങൾ എന്നിവ പുനരുജ്ജീവിപ്പിക്കുക.

7. കരിയാർ പോലെയുള്ള സ്ഥലങ്ങളിലെ 33 ഓരുമുട്ടകൾക്കു പകരം സ്ഥിരം സംവിധാനം നടപ്പിലാക്കുക.

(ബി-ഡി) പ്രസ്തുത പ്രവൃത്തികളുടെ ഭാഗമായി പാടശേഖരങ്ങളുടെ ബണ്ടുകൾ ഉയർത്തുക, ബലപ്പെടുത്തുക, മോട്ടോർ ഷെഡ്, പൊതുമട, പൈപ്പ് കൾവർട്ട്, ബോക്സ് കൾവർട്ട് എന്നീ പണികളാണ് നടത്തേണ്ടത്. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭദിശയിലാണ്. അതിനാൽ ബണ്ടുകളുടെ ഉയരം കൂട്ടുന്നതിന് മാത്രമായി എത്ര കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവെന്ന് ഇപ്പോൾ വ്യക്തമായി പറയുവാൻ കഴിയുകയില്ല. ഈ പദ്ധതിയിലെ മുകളിൽ പറഞ്ഞ പ്രവൃത്തികൾ പൂർത്തീകരിക്കാനായി ഏകദേശം 143.673 കോടി രൂപ ചെലവഴിക്കേണ്ടി വരുമെന്നാണ് പ്രാഥമികമായി കണക്കാക്കിയിട്ടുള്ളത്.

(ഇ) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ 2012 മാർച്ച് 31-നകം പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

വാട്ടർ മീറ്റർ റീഡിംഗിന് ഏകീകൃത സംവിധാനം

153 (1881) ശ്രീ. എം. വി. ശ്രേയാംസ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്താകമാനം വാട്ടർ അതോറിറ്റി നിലവിൽ എപ്രകാരമാണ് മീറ്റർ റീഡിംഗ് എടുക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) എത്ര മാസത്തെ ഇടവേളയിലാണ് മീറ്റർ റീഡിംഗ് എടുക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) വയനാട് ജില്ലയിൽ ആറ് മാസത്തിൽ ഒരിക്കൽ മാത്രം മീറ്റർ റീഡിംഗ് എടുക്കുന്ന സംവിധാനമാണോ നിലവിലുള്ളത് ;

(ഡി) വയനാട് ജില്ലയിൽ പ്രസ്തുത രീതി അവലംബിക്കുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ;

(ഇ) മറ്റേതെങ്കിലും ജില്ലയിൽ വയനാട് ജില്ലയിൽ നിലവിലുള്ള രീതി നിലവിലുണ്ടോ ; എങ്കിൽ ഏതൊക്കെ ജില്ലകളിലെന്ന് വെളിപ്പെടുത്താമോ ;

(എഫ്) ആറ് മാസത്തിലൊരിക്കൽ മീറ്റർ റീഡിംഗ് എടുക്കുന്നതുമൂലം വാട്ടർ അതോറിറ്റിക്ക് റവന്യൂ നഷ്ടം സംഭവിക്കുന്നുണ്ടോ ;

(ജി) എങ്കിൽ സംസ്ഥാനത്ത് വാട്ടർ മീറ്റർ റീഡിംഗ് എടുക്കുന്നതിന് ഏകീകൃത സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയിൽ മീറ്റർ റീഡർമാർ മുഖേനയാണ് റീഡിംഗ് എടുക്കുന്നത്. കണക്ഷനുകളുടെ എണ്ണത്തിന് ആനുപാതികമായി മീറ്റർ റീഡർമാർ നിലവിലില്ലാത്ത സബ്ഡിവിഷനുകളുടെകീഴിൽ കുടുംബശ്രീ മുഖേനയും മീറ്റർ റീഡിംഗ് എടുത്തുവരുന്നു. ഈ രീതിയിൽ മീറ്റർ റീഡിംഗ് എടുക്കുന്നതിൽ ഒരു നിശ്ചിത ശതമാനം മീറ്റർ ഇൻസ്പെക്ടർമാർ പരിശോധിക്കുകയും ഒരു നിശ്ചിത ശതമാനം അസിസ്റ്റന്റ് എഞ്ചിനീർമാർ മേൽ പരിശോധന (കൗണ്ടർ ചെക്ക്) നടത്തുകയും ചെയ്യാറുണ്ട്.

(ബി) ഓരോ പ്രദേശത്തെയും സാഹചര്യത്തിനനുസരിച്ചും മീറ്റർ റീഡർമാരുടെ ലഭ്യതയ്ക്കനുസരിച്ചും വിവിധ ഡിവിഷനുകളുടെകീഴിൽ വ്യത്യസ്ത ഇവടേളയിലാണ് മീറ്റർ റീഡിംഗ് എടുക്കുന്നത്. സാധാരണ ഗതിയിൽ നഗര പ്രദേശങ്ങളിൽ ദ്വൈമാസ റീഡിംഗും ഗ്രാമപ്രദേശങ്ങളിൽ ആറ് മാസത്തിൽ ഒരിക്കലുമാണ് റീഡിംഗ് എടുക്കുന്നത്.

(സി) അതെ

(ഡി) വയനാട് ജില്ലയിൽ കൽപ്പറ്റ മുനിസിപ്പൽ പ്രദേശത്ത് നിലവിലുള്ള കണക്ഷനുകൾ ഒഴികെ മറ്റുഭൂരിഭാഗം കണക്ഷനുകളും വിവിധ ഗ്രാമപ്രദേശങ്ങളിലായി ചിതറി കിടക്കുകയാണ്. ഈ പ്രത്യേക സാഹചര്യത്തിൽ ആറ് മാസത്തിൽ കുറവായിട്ടുള്ള ഒരു കാലയളവിൽ റീഡിംഗ് എടുക്കുന്നത് അപ്രായോഗികവും അതോറിറ്റിക്ക് സാമ്പത്തിക ബുദ്ധിമുട്ടും ഉളവാക്കും. ആയതിനാൽ ജില്ലയിൽ പൊതുവേ ആറ് മാസത്തിലൊരിക്കൽ റീഡിംഗ് എടുക്കുന്ന രീതിയാണ് അവലംബിക്കുന്നത്.

(ഇ) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ആറ് മാസത്തിലൊരിക്കൽ റീഡിംഗ് എടുക്കുന്ന സംവിധാനം നിലവിലുണ്ട്.

(എഫ്) ഇല്ല.

(ജി) ഇപ്പോൾ പരിഗണനയിലില്ല.

കേരള വാട്ടർ അതോറിറ്റിയിൽ ആരംഭിച്ച ഹെൽപ്പ് ഡെസക്കുകൾ

154 (1882) ശ്രീ. എൻ. രാജൻ :
ശ്രീ. കെ. അജിത് :
ശ്രീ. രാജാജി മാത്യു തോമസ് :
ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിയിൽ എത്ര ഹെൽപ്പ് ഡെസ്ക്കുകൾ ആരംഭിച്ചെന്നും അവയിൽ എത്ര എണ്ണം ഇപ്പോൾ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly